Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

നമ്പർ.12329/ഡി.ഡി.2/2012/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡി.ഡി.) വകുപ്പ്,
തിരുവനന്തപുരം,തീയതി:9 ഏപ്രിൽ 2012

## സർക്കുലർ

വിഷയം:-തസ്വഭവ:- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി-കർത്തവ്യങ്ങളും നേട്ടങ്ങളും തൊഴിലാളികളിൽ എത്തിയ്ക്കുന്നതിനായി അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:-1. ശ്രീ.രവി പനയ്ക്കൽ 30.10.11-ൽ സുതാര്യ കേരളം വഴി സമർപ്പിച്ച നിവേദനം.
2. എൻആർഇജിഎസ് മിഷൻ ഡയറക്ടറുടെ 18.2.2012-ലെ 2671/EGS-1/12/CRD നമ്പർ കത്ത്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ കർത്തവ്യങ്ങളും നേട്ടങ്ങളും തൊഴിലാളികളുടെ ബോധവത്കരണത്തിന് ലഭ്യമാക്കുന്നതിലേയ്ക്കായി ചുവടെ കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

തൊഴിലുറപ്പു നിയമത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങളുടെ ഖണ്ഡിക 11.1.7 പ്രകാരം ഗ്രാമപഞ്ചായത്തുകൾ വർഷത്തിൽ രണ്ടു പ്രാവശ്യം വരവ് ചെലവ് കണക്കുകൾ പൊതുജനങ്ങളുടെ അറിവിലേയ്ക്ക് നോട്ടീസ് ബോർഡിലൂടെയും ചുവരെഴുത്തുകളിലൂടെയും പ്രസിദ്ധീകരിക്കേണ്ടതാണ്. കൂടാതെ പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് തലത്തിലുള്ള പ്രവർത്തനങ്ങൾ വ്യക്തമാക്കുന്ന മുൻവർഷത്തെ വാർഷിക റിപ്പോർട്ടും പ്രസിദ്ധീകരിക്കേണ്ടതാണ്. ഇക്കാര്യം ഗ്രാമപഞ്ചായത്തുകൾ

നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ഭരണ ചെലവിൽ ലഭ്യമായ തുക ഉപയോഗിച്ച് തൊഴിലാളികളുടെ അവകാശങ്ങൾ, തൊഴിലുറപ്പു നിയമത്തിന്റെ സവിശേഷതകൾ മുതലായവ സംബന്ധിച്ച് തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും അറിവ് നൽകുന്നതിനാവശ്യമായ ലഘുലേഖകളുടെ വിതരണവും മറ്റു വിവര വിജ്ഞാനവ്യാപന പ്രവർത്തനങ്ങളും ജില്ലാതലത്തിൽ എല്ലാ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാരും ഏറ്റെടുത്ത് നടത്തേണ്ടതാണ്.

**പുഷ്പകുമാരി.ജി.,**
**അഡീഷണൽ സെക്രട്ടറി,**

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, എൻആർഇജിഎസ്, തിരുവനന്തപുരം.
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
4. എല്ലാ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർക്കും/ജില്ലാ കളക്ടർമാർക്കും.
5. എല്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും. (ഗ്രാ.വി.ക. മുഖേന)
6. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും. (ഗ്രാ.വി.ക. മുഖേന)
7. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും. (പഞ്ചാ: ഡ: മുഖേന)
8. ഡയറക്ടർ, ഐ.കെ.എം (സർക്കാറിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
9. ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ